**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1229** | **30-06-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂരിലെ വെറ്റില വ്യാപാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ് | ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** വെറ്റില കൃഷിയുടെ കയറ്റുമതിയിലുണ്ടായ ഇടിവ് കാരണം തിരൂരിലെ വെറ്റില കർഷകർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ വെറ്റിലയിൽ നിന്ന് ഓയിൽ നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ആഭ്യന്തര വിപണിയിലെ വില വ്യതിയാനം, ഗുണനിലവാര മാനദണ്ഡങ്ങൾ തുടങ്ങിയ വിവിധ കാരണങ്ങളാലും കർഷകർക്ക് വിപണി പ്രതിസന്ധി നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. 2025-26 വർഷത്തിൽ എം ഐ ഡി എച്ച് പദ്ധതി പ്രകാരം 50 ഹെക്ടർ സ്ഥലത്തെ തിരൂരിലെ വെറ്റില കൃഷിക്ക് 25 ലക്ഷം രൂപ ആനുകൂല്യമായി (കൃഷി ചെയ്യുന്നതിന്) നല്കിയിട്ടുണ്ട്.

വെറ്റില കൃഷിയുടെ ഉന്നമനത്തിനായി തിരൂർ വെറ്റില എഫ് പി സി രൂപീകരിച്ചിട്ടുണ്ടെങ്കിലും മാർക്കറ്റിങ്ങിൽ കാര്യമായ ഇടപടൽ നടത്തുവാൻ കഴിഞ്ഞിട്ടില്ല. വെറ്റില ഉത്പാദക കമ്പനി മുഖേനെ വെറ്റിലയിൽ നിന്നും ഓയിൽ സംസ്കരിച്ചെടുക്കുന്ന പ്രക്രിയ ചെലവേറിയതും റിക്കവറി ശതമാനം വളരെ കുറവുമായതിനാൽ ഈ രംഗത്ത് കൂടുതൽ പദ്ധതികൾ പ്ലാൻ ചെയ്തു നടപ്പിലാക്കാനായി സാധിച്ചിട്ടില്ല.

**(ബി)** അപകടത്തിൽപ്പെടുന്ന വെറ്റില കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിൽ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വെറ്റില കർഷകർക്ക് അപകടം സംഭവിക്കുന്ന സാഹചര്യത്തിൽ പ്രത്യേകമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി നിലവിൽ ഇല്ല. തെങ്ങുകയറ്റ തൊഴിലാളികൾ, നാളികേര വിളവെടുപ്പ് തൊഴിലാളികൾ, തെങ്ങ് സങ്കരവൽക്കരണ പരിശീലനം നേടുന്നവർ, നീര ടെക്നിഷ്യൻമാർ എന്നിവർക്കായി നാളികേര വികസന ബോർഡ് നടപ്പാക്കുന്ന കേര സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി മാതൃകയാക്കി വെറ്റില കൃഷി രംഗത്തും നടപ്പിലാക്കുന്നത് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**